**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 333** **18-07-2022 - ൽ മറുപടിയ്ക്ക്**

**നികുതി ചോർച്ച തടയാൻ നടപടി**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ,<br>ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ശ്രീ. ടി.ഐ.മധുസൂദനൻ,<br>ശ്രീ. എ. രാജ</td><td colspan="2">ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>കഴിഞ്ഞ സാമ്പത്തിക വർഷത്തെ നികുതി വരുമാനത്തിൽ സംസ്ഥാന ചരക്ക് സേവന നികുതിയും സംയോജിത ചരക്ക് സേവന നികുതിയും എത്ര വീതമായിരുന്നെന്ന് അറിയിക്കാമോ;</td><td>(എ)</td><td>2021-22സാമ്പത്തിക വർഷത്തെ ചരക്ക് സേവന നികുതിയുടേയും സംയോജിത ചരക്ക് സേവന നികുതിയുടേയും വിവരം ചുവടെ ചേർക്കുന്നു;<br><table><tr><td>SGST (in Cr)</td><td>9887.02</td></tr><tr><td>IGST Settlement (in Cr)</td><td>12440.48</td></tr><tr><td>IGST Ad hoc Settlement (in Cr)</td><td>1657.79</td></tr></table></td></tr>
<tr><td>(ബി)</td><td>ദേശീയ സാമ്പിൾ സർവ്വേ പ്രകാരം രാജ്യത്ത് ഏറ്റവും ഉയർന്ന തോതിലുള്ള ഉല്പന്ന, സേവന ഉപഭോഗം സംസ്ഥാനത്തുണ്ടായിട്ടും തദനുസൃതം ചരക്ക് സേവന നികുതി വരുമാനത്തിൽ വർദ്ധനവുണ്ടാകാത്തതിനുള്ള കാരണം പരിശോധന വിധേയമാക്കിയിരുന്നോ;</td><td>(ബി)</td><td>പ്രാപ്യസ്ഥാനാധിഷ്ഠിതമായ ജി.എസ്.ടി നികുതി സമ്പ്രദായം ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന് വലിയ നേട്ടമായിരിക്കും എന്നാണ് പ്രതീക്ഷിച്ചതെങ്കിലും, നികുതി പിരിവിൽ പ്രതീക്ഷിച്ച വർദ്ധനവ് ഉണ്ടായില്ല. ജി. എസ്.ടി. നടപ്പിലാക്കിയതോടുകൂടി സംസ്ഥാനങ്ങൾക്ക് നികുതി നിയമത്തിന്മേൽ ഒറ്റയ്ക്ക് തീരുമാനം എടുക്കാൻ കഴിയാതായി. ജി.എസ്.ടി. തുടക്കത്തിൽ വിഭാവനം ചെയ്തിരുന്ന ഓൺലൈൻ റിട്ടേൺ സംവിധാനം പൂർണമായും നടപ്പിലാക്കാൻ കഴിയാതെ വന്നതും, കോവിഡും പ്രകൃതി ദുരന്തങ്ങളും ഏല്പിച്ച ആഘാതങ്ങളും ജി.എസ്.ടി. വരുമാനം പ്രതീക്ഷിച്ച തോതിൽ വർധിക്കാത്തതിന് പ്രധാന കാരണങ്ങൾ ആണ്. ജി.എസ്.ടി. ഓൺലൈൻ റിട്ടേൺ സംവിധാനം പൂർണമായും നടപ്പാക്കാത്തതുമൂലം വിവരങ്ങൾ കാര്യക്ഷമമായി പരിശോധിക്കുന്നതിനും, സംസ്ഥാനത്തിന് ലഭ്യമാക്കേണ്ട ഇൻപുട്ട് ടാക്സ് കൃത്യമായി ലഭിക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിനും നിലവിൽ കഴിയാത്ത സ്ഥിതിയാണ്.</td></tr>
</table>

| | | | |
|---|---|---|---|
| | | | രാജ്യമൊട്ടാകെ ജി.എസ്.ടി. വരുമാനത്തിലുണ്ടായ വളർച്ചക്ക് ആനുപാതികമായ വളർച്ച ജി.എസ്.ടി. വരുമാനത്തിൽ കേരളത്തിലും ഉണ്ടാകുന്നുണ്ട്. എന്നാൽ ജി.എസ്.ടി. നഷ്ടപരിഹാര നിയമത്തിൽ പറഞ്ഞിരിക്കുന്നതു പ്രകാരമുള്ള 14% നികുതി വർദ്ധനവ് ഇതുവരെ പ്രാപ്യമായിട്ടില്ല. |
| (സി) | ആഭ്യന്തരോപഭോഗ വസ്തുക്കളുടെ ഉദ്ദേശം എൺപത് ശതമാനവും സംസ്ഥാനത്തിന് വെളിയിൽ നിന്ന് വരുന്നുവെന്ന കണക്കിന്റെയടിസ്ഥാനത്തിൽ സംയോജിത ചരക്കു സേവന നികുതിയിൽ കാര്യമായ ചോർച്ചയുണ്ടാകുന്നുവെന്ന് അനുമാനിക്കപ്പെടുന്നതിനാൽ ഇത് പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; | (സി) | ജി.എസ്.ടി. ഓൺലൈൻ റിട്ടേൺ സംവിധാനം പൂർണമായും നടപ്പാക്കാത്തതുമൂലം വിവരങ്ങൾ കാര്യക്ഷമമായി പരിശോധിക്കുന്നതിനും, സംസ്ഥാനത്തിന് ലഭ്യമാക്കേണ്ട ഇൻപുട്ട് ടാക്സ് കൃത്യമായി ലഭിക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിനും നിലവിൽ കഴിയാത്ത സ്ഥിതിയാണ്. ചെക്ക് പോസ്റ്റുകൾ നിർത്തലാക്കിയത് ജി.എസ്.ടി. യുടെ തുടക്കത്തിൽ നികുതി വെട്ടിപ്പിനു കാരണമായിട്ടുണ്ടെങ്കിലും തുടർന്ന് ഇ-വേ ബില്ല് സംവിധാനം നടപ്പിലാക്കിയതിലൂടെ ഒരു പരിധിവരെ നികുതി വെട്ടിപ്പ് തടയുവാൻ കഴിഞ്ഞു. ഇ-വേ ബില്ല് പരിശോധന കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി സംസ്ഥാനത്തു Automatic Number Plate Recognition (ANPR) നടപ്പിലാക്കി. ഇതിലൂടെ ഇ-വേ ബില്ല് ഇല്ലാതെ സംസ്ഥാനത്തിനകത്തേക്കു പ്രവേശിക്കുന്ന ചരക്കു വാഹനങ്ങളുടെ വിവരം അപ്പപ്പോൾ തന്നെ SMS അലർട്ട് മുഖേന വകുപ്പിന്റെ ഇന്റലിജൻസ് വിഭാഗത്തിന് ലഭ്യമാകുകയും, അത്തരം വാഹനങ്ങൾ ഉടൻ പരിശോധിച്ചു നികുതി വെട്ടിപ്പ് തടയുന്നതിനും കഴിഞ്ഞിട്ടുണ്ട്. ANPR സംവിധാനം സംസ്ഥാനത്തിന്റെ അതിർത്തി പ്രദേശങ്ങളിലും സംസ്ഥാനത്തിനകത്തും കൂടുതൽ സ്ഥലങ്ങളിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ നിലവിൽ സ്ഥാപിച്ചിട്ടുള്ള ANPR സംവിധാനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. |
| (ഡി) | വ്യാജ രേഖ ചമച്ച് ഇൻപുട്ട് ടാക്സ് വെട്ടിപ്പ് നടത്തിയതായി പറയപ്പെടുന്ന സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച പരിശോധന കാര്യക്ഷമമാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ? | (ഡി) | വ്യാജ രേഖ ചമച്ച് ഇൻപുട്ട് ടാക്സ് വെട്ടിപ്പ് നടത്തിയതായി പറയപ്പെടുന്ന സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാന ജി.എസ്.ടി. വകുപ്പിന്റെ ഇൻവെസ്റ്റിഗേഷൻ, ഇന്റലിജൻസ് വിഭാഗങ്ങൾ വ്യാജ രേഖകളിലൂടെ ഇൻപുട്ട് ടാക്സ് വെട്ടിക്കുന്നവരെ കണ്ടെത്തി അവർക്കെതിരെ ശക്തമായ നടപടികൾ സ്വീകരിച്ചു വരുന്നു. ഇത്തരക്കാർക്ക് എതിരെ ജി.എസ്.ടി. നിയമ പ്രകാരം അറസ്റ്റ് ഉൾപ്പടെയുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇത്തരം കേസുകൾ കണ്ടെത്തുന്നതിനും നികുതി വെട്ടിപ്പ് തടയുന്നതിനുമായി വകുപ്പിലെ ഇൻവെസ്റ്റിഗേഷൻ വിഭാഗം ഉദ്യോഗസ്ഥർക്ക് ആറ് ദിവസത്തെ പ്രേത്യേക പരിശീലനം നൽകുകയുണ്ടായി. വൻ തോതിൽ നികുതി വെട്ടിപ്പിനു നേതൃത്വം നൽകിയ |

| | | | |
|---|---|---|---|
| | | | മൂന്ന് പേരെ സംസ്ഥാന ചരക്കു സേവന നികുതി വകുപ്പ് ഇൻവെസ്റ്റിഗേഷൻ വിഭാഗം ജാമ്യമില്ലാ വകുപ്പുകൾ ചുമത്തി അറസ്റ്റ് ചെയ്യുകയുണ്ടായി. വ്യാജ ഇൻപുട്ട ടാക്സ് വെട്ടിപ്പ് സംഘങ്ങൾ പലപ്പോഴും പല സംസ്ഥാനങ്ങൾ കേന്ദ്രീകരിച്ചു പ്രവർത്തിക്കുന്നതിനാൽ ഇത്തരം സംഘങ്ങളെ കണ്ടെത്തുന്നതിനും അമർച്ച ചെയ്യുന്നതിനും കേന്ദ്ര നികുതി രഹസ്യാന്വേഷണ വിഭാഗത്തെയും മറ്റു സംസ്ഥാനങ്ങളിലെ നികുതി വകുപ്പുകളെയും ഏകോപിപ്പിച്ചു കൊണ്ടുള്ള പ്രവർത്തനങ്ങൾ നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ